(ബി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി എന്ന് കമ്മിഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ തക്കവണ്ണം ആസൂത്രണം ചെയ്തിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഇനി 0.026 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ ഉള്ളത്. വയാഡക്ടിന്റെ 740 സ്പാനുകളിൽ 538 സ്പാനുകളുടെ സിവിൽ ജോലികൾ പൂർത്തിയായിക്കഴിഞ്ഞു. സിഗ്നലിംഗ് & ടെലികമ്മ്യൂണിക്കേഷൻ ജോലികൾ കുസാറ്റ് സ്റ്റേഷനിലും കളമശ്ശേരി സ്റ്റേഷനിലും തുടങ്ങിക്കഴിഞ്ഞു. വയാഡക്ടിൽ തേർഡ് റെയിൽ സ്ഥാപിച്ചുകഴിഞ്ഞു. 2016 ജനുവരി 10-ന് ആദ്യ ട്രെയിൻ മുട്ടം യാർഡിൽ എത്തിച്ചേർന്നു. അടുത്ത അഞ്ച് ട്രെയിനുകൾ 2016 ഓഗസ്റ്റിന് മുമ്പ് കൊച്ചിയിൽ എത്തിച്ചേരും. ട്രയൽ റൺ 2016 ഫെബ്രുവരി അവസാനം നടത്താനാകും.

(ബി) ഈ പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക വിഹിതം 1002.23 കോടി രൂപയാണ്. ഇതിൽനിന്നും 861.44 കോടി രൂപ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കൈപ്പറ്റി. കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് ഫ്രഞ്ച് വികസന ഏജൻസിയായ AFD(Agence Francaise de Developement)യുടെ 180 മില്യൻ യൂറോയുടെ വായ്പ 2014-ൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ സോവറിൻ ഗ്യാരണ്ടിയോടെയുള്ള "Pass Through Assistance" ആണ്.

(സി) കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം പ്രകാരം 2017 ജൂണിലാണ് ആലുവ മുതൽ പേട്ട വരെയുള്ള 25.612 കി.മീ. ദൈർഘ്യമുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതി കമ്മിഷൻ ചെയ്യേണ്ടത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായ (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) 18 കി.മീ. പൂർണ്ണസജ്ജമായി 2016 നവംബർ 1-ന് ആരംഭിക്കാനും രണ്ടാം ഘട്ടം (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) 2017 ജൂണിൽ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

കൊച്ചി മെട്രോ റെയിൽ പദ്ധതി

99 (484) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി നിലവിൽ എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; മൊത്തം പദ്ധതി ചെലവ് ലക്ഷ്യമിട്ടിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എത്രകോടി രൂപയാണ്; അതിൽ ഇതിനകം ചെലവായിട്ടുള്ള തുക എത്രയാണ്; അവശേഷിക്കുന്ന പ്രവൃത്തികൾക്ക് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു;

(ബി) പദ്ധതിയുടെ എന്തെല്ലാം നിലയിലുള്ള എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണിനിയും നടത്തുവാൻ ബാക്കി നില്പുള്ളത്;

(സി) വിഭാവനം ചെയ്ത നിലയിലുള്ള പൂർണ്ണ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനും കമ്മിഷൻ ചെയ്യുവാനും സാധ്യമാകും; പദ്ധതി പൂർത്തീകരിക്കുവാനുള്ള ഏതെങ്കിലും കരാറിൽ ഇതിനകം ഏർപ്പെടുവാൻ ബാക്കി നില്പുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) നിർമ്മാണ ജോലിയിൽ ഏകദേശം 82 ശതമാനവും രണ്ടാം ഘട്ടത്തിന്റെ (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) ഏകദേശം 34 ശതമാനവും പുരോഗതി കൈവരിച്ചിട്ടുണ്ട്. 5181.79 കോടി രൂപയാണ് ഈ പദ്ധതിക്ക് വേണ്ടി അനുവദിച്ചത്. 2016 ജനുവരി 31 വരെ 2622.55 കോടി രൂപ ചെലവായിട്ടുണ്ട്. ബാക്കി ഇനി 2559.24 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഇനി 0.026 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ ശേഷിക്കുന്നത്. വയാഡക്ടിന്റെ 740 സ്പാനുകളിൽ 202 സ്പാനുകളുടെ സിവിൽ ജോലികൾ പൂർത്തിയാക്കാനുണ്ട്. യാർഡിൽ സ്റ്റബ്ലിംഗ്/ഇൻസ്പെക്ഷൻ ഷെഡിന്റെ ജോലികൾ പുരോഗമിക്കുന്നു. ട്രാക്കിന്റെ ജോലികളും സിഗ്നലിംഗ് & ടെലികമ്മ്യൂണിക്കേഷൻ ജോലികളുടെ ഡിസൈനിംഗും പുരോഗമിക്കുന്നു. ഇതിന്റെ ടെസ്റ്റിംഗും കമ്മീഷനിംഗും തുടങ്ങിയിട്ടില്ല. വയാഡക്ടിൽ തേർഡ് റെയിൽ സ്ഥാപിച്ചുകഴിഞ്ഞു. റെയിൽവേ സുരക്ഷാ അധികാരികളുടെ പരിശോധനകൾക്കായുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. 2016 ജനുവരി 10-ന് ആദ്യ ട്രെയിൻ മുട്ടം യാർഡിൽ എത്തിച്ചേർന്നു. 2016 ജനുവരി 23-ന് ട്രെസ്റ്റ് റൺ നടത്തി. അടുത്ത അഞ്ച് ട്രെയിനുകൾ 2016 ഓഗസ്റ്റിന് മുമ്പ് കൊച്ചിയിൽ എത്തിച്ചേരും.

(സി) കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം പ്രകാരം 2017 ജൂണിലാണ് ഈ പദ്ധതി കമ്മിഷൻചെയ്യേണ്ടത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടം (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) പൂർണ്ണസജ്ജമായി 2016 നവംബർ 1-ന് ആരംഭിക്കാനും രണ്ടാം ഘട്ടം (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) 2017 ജൂണിൽ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതി പൂർത്തീകരിക്കാനാവശ്യമായ പ്രധാന കരാറുകൾ ഒന്നും അവശേഷിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly